(സി) പോളിടെക്നിക്കുകളിൽ പരീക്ഷാഫീസ് വർദ്ധിപ്പിച്ചിട്ടില്ല. കോഴ്സുകളുടെ നടത്തിപ്പിനുണ്ടായിട്ടുള്ള ചെലവു വർദ്ധന കണക്കെടുത്താണ് മറ്റു ഫീസ് വർദ്ധന നടപ്പാക്കിയിട്ടുള്ളത്.

(ഡി) പോളിടെക്നിക്കുകളിലെ ഡിപ്ലോമ കോഴ്സുകളുടെ ഫീസ് ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്.

(ഇ) ഫീസ് വർദ്ധന പിൻവലിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

43 (187) കോളേജുകളിലെയും പോളിടെക്നിക് സ്കൂളുകളിലെയും ഫീസ് വർദ്ധനവ്

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിലെയും പോളിടെക്നിക് സ്കൂളുകളിലെയും ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്;

(ബി) ഫീസ് വർദ്ധനവിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കോളേജുകളിലെ ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചുകൊണ്ട് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് മറ്റൊരുത്തരവുണ്ടാകുന്നതുവരെ നടപ്പിലാക്കുന്നത് മാറ്റിവച്ചിരിക്കുകയാണ്. പോളിടെക്നിക്കുകളിൽ ഫീസ് വർദ്ധനവ് നടപ്പാക്കിയിട്ടുണ്ട്. ഇത് നിലവിലുള്ളതിന്റെ നൂറു ശതമാനം വർദ്ധനവുണ്ട്. പരീക്ഷാഫീസിൽ വർദ്ധനവില്ല.

(ബി) കോഴ്സുകളുടെ നടത്തിപ്പിനുണ്ടായിരിക്കുന്ന ചെലവു വർദ്ധനവ് കണക്കിലെടുത്താണ് ഫീസിൽ വർദ്ധനവ് വരുത്തിയിട്ടുള്ളത്.

44 (188) വിദ്യാഭ്യാസത്തിനായി സംസ്ഥാനത്തിനു പുറത്തു പോകുന്നവർ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് ഓരോ വർഷവും എത്ര വിദ്യാർത്ഥികൾ വീതം സാങ്കേതിക വിദ്യാഭ്യാസം നേടുന്നതിനായി സംസ്ഥാനത്തിനുപുറത്ത് പോകുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം പുറത്ത് പഠനത്തിനു പോകുന്നവർ ക്യാപ്പിറ്റേഷൻ ഫീസ്, ഫീസ് എന്നീയിനങ്ങളിൽ എന്തു തുക വീതം നൽകേണ്ടതായി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly